LIBRARY ARCHIVES Kerala Legislative Assembly

**ആഭ്യന്തര-സി വകുപ്പ്**

ഈ വകുപ്പുമായി ബന്ധപ്പെട്ട ബജറ്റ് നിർദ്ദേശങ്ങളിൽ ചങ്ങനാശ്ശേരി കോടതി സമുച്ചയ നിർമ്മാണം എന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഇതിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ വകുപ്പിനു കീഴിലുള്ള ഹൈക്കോടതിയിൽ 2013-14 കാലയളവിൽ 4,29,75,00,000 രൂപ വകയിരുത്തുകയും 31,72,13,000 രൂപ അവശേഷിക്കുകയും ചെയ്തു. അവശേഷിച്ച തുക സറണ്ടർ ചെയ്തിട്ടുണ്ട്. 800-88- Gram Nyayalayas (VNP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 6,03,97,000 രൂപ ചെലവഴിച്ചിട്ടില്ല. കൂടാതെ 105-97 Establishment of Additional Courts (VNP), 800-87 Purchase and installation of Computers in subordinate courts, 800-85 Implcmentation of c courts (V NP), 800-84 Kerala Judicial Academy (V NP) എന്നീ ശീർഷകങ്ങളിൽ 1,000 രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല.

ഈ വകുപ്പിനു കീഴിലുള്ള പ്രോസിക്യൂഷൻ ഡയറക്ടറേറ്റിനായി 2013-14 ബഡ്ജറ്റിലെ വിവിധ ശീർഷകങ്ങളിലായി 2,80,33,000 രൂപ വകയിരുത്തുകയും 2,62,27,842 രൂപ ചെലവഴിക്കുകയും ചെയ്തു. 18,05,158 രൂപ അവശേഷിക്കുന്നുണ്ട്.

**പൊതുഭരണ വകുപ്പു മുഖാന്തരം നടപ്പാക്കുന്നതിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ**

8 (3297) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണ വകുപ്പിനോ പൊതുഭരണവകുപ്പു മുഖാന്തിരം നടപ്പാക്കുന്നതിനോ ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചു ; ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ; ഏതെല്ലാം പദ്ധതികൾക്ക് സംസ്ഥാനവിഹിതംകൂടി നൽകേണ്ടതുണ്ട് ;

(സി) ഈ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ;

(ഡി) അനുവദിച്ച ഏതെങ്കിലും കേന്ദ്രപദ്ധതി ഇതിനകം ആരംഭിക്കാത്തതുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതി ഏതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പുവഴി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. 11-ാം പഞ്ചവത്സര പദ്ധതി ഘട്ടത്തിൽ വയനാട് ജില്ലയിലും 12-ാം പദ്ധതിയിൽ

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പനമരം, മാനന്തവാടി കൽപ്പറ്റ ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും ഉൾപ്പെട്ട പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ സെക്ടറുകളിലായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി&സി) 11-ാം പദ്ധതി കാലയളവിൽ 1869.805 ലക്ഷം രൂപയും 12-ാം പദ്ധതി കാലയളവിൽ 1001.26 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റ് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ എം.എസ്.ഡി.പി.ക്ക് സംസ്ഥാനത്തിനുവേണ്ടി അനുവദിച്ച എല്ലാ പദ്ധതികൾക്കും അടങ്കൽ തുകയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി നൽകേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇല്ല.

## കാസർഗോഡ് ജില്ലയുടെ വികസനം

8 (3298) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു ജില്ലകളെ അപേക്ഷിച്ച് കാസർകോട് ജില്ല പിന്നോക്കമായതിന്റെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് വല്ല പഠനങ്ങളും നടന്നിട്ടുണ്ടോ ; പൊതുമേഖലയിൽ കാസർകോട് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങളുണ്ട് ; അവ ഏതു വർഷമാണ് ആരംഭിച്ചത് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി എന്തെല്ലാം സംരംഭങ്ങൾ കാസർകോട് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രഭാകരൻ കമ്മീഷൻ ശുപാർശകളിലേതെങ്കിലും മിഷൻ 676 പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ ; പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ എത്ര കോടി രൂപ വേണം ; ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) കാസർഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുന്നതിനായി സർക്കാർ നിയോഗിച്ച പി. പ്രഭാകരൻ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലയിൽ ഒരു വ്യവസായ സ്ഥാപനമുണ്ട്. KEL-ന്റെ യൂണിറ്റ് 2009-ലാണ് BHEL ഏറ്റെടുത്തത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ Kerala State Textile Corporation- ന്റെ ഒരു യൂണിറ്റ് 2010-11-ൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly